**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4804** **11-08-2021 - ൽ മറുപടിയ്ക്ക്**

**ആട്ടോറിക്ഷാ തൊഴിലാളികൾക്ക് ദുരിതാശ്വാസ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ദീർഘ നാളുകളായി നീളുന്ന കൊവിഡ് ലോക്ഡൗൺ കാരണം വരുമാനം ഇല്ലാതെയായതിനാൽ ദൈനംദിന ജീവിതത്തിൽ ദുരിതം അനുഭവിച്ചുവരുന്ന സംസ്ഥാനത്തെ ആട്ടോറിക്ഷാ തൊഴിലാളികൾക്ക് സമാശ്വാസം നൽകുന്നതിന് സഹായപദ്ധതി പരിഗണിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് കോവിഡിനോട് അനുബന്ധിച്ച് ഏർപ്പെടുത്തിയ അനിവാര്യമായ ലോക്ക്ഡൗൺ മൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട ആട്ടോറിക്ഷാ തൊഴിലാളികൾ ഉൾപ്പെടെയുള്ള മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസം എന്ന നിലയിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നിരവധി ധനസഹായങ്ങൾ അനുവദിച്ച നൽകിയിരുന്നു. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ ടേബിൾ IV വിഭാഗത്തിൽപ്പെട്ട ആട്ടോറിക്ഷാ, തൊഴിലാളികൾക്ക് ആദ്യ ഘട്ടത്തിൽ 2000/- രൂപ വീതവും രണ്ടാംഘട്ട ധനസഹായമെന്ന നിലയിൽ 1000/- രൂപ വീതവും, മൂന്നാം ഘട്ട ധനസഹായമെന്ന നിലയിൽ 1000/-രൂപ വീതവും ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അടിയന്തര ധനസഹായമായി അനുവദിച്ച് നൽകിയിരുന്നു. ഇത്തരത്തിൽ ആട്ടോറിക്ഷാ തൊഴിലാളികൾ ഉൾപ്പെടെ, മോട്ടോർ തൊഴിലാളികളെ മുഴുവനായി പരിഗണിക്കുമ്പോൾ ഈ കാലയളവിൽ ആനുകൂല്യവും പെൻഷനും ഇനത്തിൽ 40,37,42,886/- രൂപയും കോവിഡ് ധനസഹായമായി മൂന്ന് ഘട്ടങ്ങളിലായി 51,56,27,500/-രൂപയും ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിരുന്നു. കൂടാതെ, ക്ഷേമനിധി പദ്ധതികളിൽ അംഗങ്ങൾ ആയ ഉടമ/തൊഴിലാളികൾക്ക്, 2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിലെ ഉടമ/തൊഴിലാളി അംശാദായം (ഏകദേശം 300 കോടി രൂപ) സർക്കാർ ഉത്തരവിൻ പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട്. ആട്ടോറിക്ഷാ തൊഴിലാളികൾ ഉൾപ്പെടെ പദ്ധതികളിൽ |

| | | | |
|---|---|---|---|
| | | | അംഗങ്ങളായ തൊഴിലാളികൾക്കും, സ്കാറ്റേർഡ് വിഭാഗത്തിൽപെട്ട തൊഴിലാളികൾക്കും നാലാംഘട്ട ധനസഹായമായി 1000/-രൂപ വീതം ധനസഹായം അനുവദിക്കുന്നതിനുള്ള ബോർഡിന്റെ നിർദ്ദേശം സർക്കാരിൽ ലഭ്യമായിട്ടുണ്ട്. |
| (ബി) | കുടുംബാംഗങ്ങളുടെ ചികിത്സ, മക്കളുടെ വിദ്യാഭ്യാസം, ദൈനംദിന ജീവിത ചെലവുകൾ എന്നിവ നിറവേറ്റാൻ ബുദ്ധിമുട്ടിലായ ഇവർക്ക് അടിയന്തരമായി ഉചിതമായ ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും തൊഴിലാളികൾക്ക് ചികിത്സാ ധനസഹായം, മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, പ്രസവ ധനസഹായം, ശവസംസ്കാരചടങ്ങിനുള്ള ധനസഹായം, പെൻഷൻ, കലാ-കായിക മേഖലയിൽ മികവു പുലർത്തുന്നവർക്കായി പ്രത്യേക റിവാർഡുകൾ എന്നിവ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ